# മലയാളം

ആമുഖം

ആഞ്ഞൂർ എൽ പി സ്കൂളിൽ 2025 - 26 അധ്യയന വർഷം രണ്ടാം ക്ലാസിൽ 8 കുട്ടികൾ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന  മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുന്നു.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകൾ ഇല്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുന്നു.
- വർഷാവസാനം സ്വതന്ത്ര രചനകളിൽ ഏർപ്പെടുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

<u>മുന്നൊരുക്കം</u>

പ്രീ ടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിലുള്ള കുട്ടികളെയും കണ്ടെത്തുന്നു.

- കുട്ടികളുടെ നിലവിലുള്ള അവസ്ഥ ,കഴിവുകൾ, പരിമിതികൾ എന്നിവ ക്ലാസ് പിടിഎ നടത്തി എല്ലാ മാസവും ചർച്ചചെയ്യുന്നു. പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരം നൽകുന്നു

<u>ജൂൺ</u>

- ചിത്രകാർഡുകൾ നൽകൽ.
- ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ.
- വായന സാമഗ്രികൾ നിർമ്മിക്കൽ.
- വായന എഴുത്ത് എന്നിവ
  വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ.

ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ കണ്ടെത്തുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ പരിഗണിക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരണം.

ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
- വീട്ടിൽ ലൈബ്രറി ഒരുക്കൽ.
- ചിത്രവിവരണം.
- വായനയുടെ തലത്തിൽ കുട്ടിയെ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ എഴുതുന്നു.
- ഭാഷാ വികാസമേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.
- വായിച്ച കഥയിൽ നിന്ന് സംഭാഷണം എഴുതൽ.
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ.
- വായിച്ച കഥകൾക്ക് രംഗാവിഷ്കാരം നടത്തൽ.
- പാട്ടരങ്ങ്, പ്രകൃതി നടത്തം, ഭാഷണം, യാത്രാവിവരണം എന്നിവയ്ക്ക് അവസരം ഒരുക്കൽ.

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചകമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
- വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകൽ.

നവംബർ

- കുട്ടികൾക്ക്  സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം എടുക്കുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു.
- വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ, സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു.

ജനുവരി

- വരികൾ കൂട്ടിച്ചേർത്തുപാടുന്നതിനും എഴുതുന്നതിനും ഉള്ള അവസരം ഒരുക്കൽ.

- ലഘു വിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
- അറിയിപ്പുകൾ, ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ.

<u>ഫെബ്രുവരി</u>

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്).
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.
- എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ.

<u>മാർച്ച്</u>

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
- കയ്യെഴുത്തു മാസിക മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടു വായന, കൂട്ടു വായന, അമ്മ വായന, ചിത്ര വായന ഇവ പ്രോത്സാഹിപ്പിക്കാൻ
- ക്ലാസ് പിടിഎ യോഗങ്ങളിൽ കുട്ടികളുടെ വിവിധ കഴിവുകൾ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു.

# പാട്ടരങ്ങ്

<u>ലക്ഷ്യം</u>

- താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം കണ്ടെത്തി ഭാവാത്മകമായി അവതരിപ്പിക്കുന്നത്.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റയ്ക്കും സംഘമായും ചൊല്ലുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു.

<u>പ്രവർത്ത ഘട്ടങ്ങൾ</u>

- പാട്ടരങ്ങ് ലക്ഷ്യം, പ്രവർത്തന ക്രമം എന്നിവ എസ് ആർ ജി യിൽ ചർച്ച (ജൂൺ ആദ്യവാരം).
- കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരണം ( ജൂൺ മുതൽ).

<u>ചുമതല</u>

- ക്ലാസ് ടീച്ചർ
- രക്ഷിതാവ്

# റീഡേഴ്സ് തിയേറ്റർ

**ലക്ഷ്യപ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഇതിൽ ഉൾപ്പെടുത്തുന്നു.
- ക്ലാസിലെ മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരനാക്കി മാറ്റുന്നു.
- ടെക്സ്റ്റ് ബുക്ക് മറ്റു പുസ്തകങ്ങൾ എന്നിവയിലെ കഥകൾ അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമുന്നേറത്തിന് സംഗീതം ശ്രവ്യ വായന എന്നീ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- എസ്ആർജിയിൽ ആശയം പങ്കിടൽ (ജൂൺ).
- ക്ലാസ് പിടിയിൽ ആശയം പങ്കിടൽ ( ജൂൺ മൂന്നാം വാരം)
- ഏകദിന റൈഡേഴ്സ് തിയേറ്റർ പരിശീലനം (ജൂലൈ).
- മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി തിരഞ്ഞെടുത്ത ബാലസാഹിത്യകൃതികൾ റീഡേഴ്സ് തിയേറ്ററായി അവതരിപ്പിക്കാൻ അവസരം നൽകുന്നു.
- എല്ലാമാസവും മികച്ച ഒരു കഥ ബാലസഭയിൽ അവതരിപ്പിക്കുന്നു.

**ചുമതല**

- ക്ലാസ് ടീച്ചർ

# വായനോത്സവം

<u>ലക്ഷ്യപ്രസ്താവനകൾ</u>

- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.
- കുട്ടികളിൽ വായനാശീലം വളർത്തുന്നു.
- ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
- വായനക്കുറിപ്പ് തയ്യാറാക്കുന്നു.

<u>പ്രവർത്തന ഘട്ടങ്ങൾ</u>

- <u>എസ്ആർജിയിൽ ആശയം പങ്കിടൽ (ജൂൺ).</u>
- <u>ക്ലാസ് പിടിയിൽ ആശയം പങ്കിടൽ ( ജൂൺ മൂന്നാം വാരം)</u>
- <u>ഓരോ മാസവും വായനോത്സവം നടത്തുന്നു.</u>
- <u>അമ്മ വായന ( ജൂലൈ - മാർച്ച്)</u>
- <u>മാതൃകാ വായന (അധ്യാപിക)</u>

<u>ചുമതല</u>

- <u>ക്ലാസ് ടീച്ചർ</u>

# ഭാഷോത്സവം

<u>ലക്ഷ്യപ്രസ്താവനകൾ</u>

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നു.
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

<u>പ്രവർത്തന ഘട്ടങ്ങൾ</u>

- ഭാഷോത്സവം എസ്ആർ ജിയിൽ ചർച്ചചെയ്യുന്നു.
- പിടിഎ പിന്തുണ ഉറപ്പാക്കുന്നു.
- സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നു.

<u>ചുമതല</u>

- <u>ക്ലാസ് ടീച്ചർ</u>
- <u>CPTA</u>

# ക്ലാസ് പത്രം

<u>ലക്ഷ്യപ്രസ്താവനകൾ</u>

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതാൻ കഴിയുന്നു.

<u>പ്രവർത്തന ഘട്ടങ്ങൾ</u>

- ക്ലാസ് പത്രം എസ്ആർജി യിൽ അവതരിപ്പിക്കുന്നു ( ആഗസ്റ്റ് ആദ്യം)
- ക്ലാസ് പിടിഎയിൽ പദ്ധതി അവതരിപ്പിക്കുന്നു. ( ആഗസ്റ്റ് രണ്ടാം ആഴ്ച)
- കൂട്ടെഴുത്ത് നടത്തുന്നു. (സെപ്റ്റംബർ - മാർച്ച്)
- പതിപ്പ് തയ്യാറാക്കൽ.
- പതിപ്പുകളുടെ പ്രദർശനം.

<u>ചുമതല</u>

- ക്ലാസ് ടീച്ചർ

സാമ്പത്തികം

- SSK

# ഗണിതം

ആമുഖം

ഗണിത പഠനം രസകരവും ആസാധ്യകരവും ആയി കുട്ടികൈ  കാര്യം ചെയ്യണമെന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. ഓരോ പഠനം നേട്ടത്തിലൂടെയും ഗണിതശയങ്ങൾ ഉൾക്കൊണ്ടുതന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പഠനത്തിലും ശേഷികൾ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (നൂറിൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരണം.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു.

<u>മുന്നൊരുക്കം</u>

- <u>പ്രീ ടെസ്റ്റ് നടത്തുന്നു.</u>
- <u>ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ.</u>

<u>ജൂൺ</u>

- *1*,2,3,4 .........
- 1,3,5,7.........
- 2, 4, 6, 8 .......

  തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.
- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറയ്ക്കുമ്പോൾ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവുണ്ടാക്കൽ.

<u>ജൂലൈ</u>

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യത്തെ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ.
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

<u>ആഗസ്റ്റ്</u>

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിത ആശയങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

<u>സെപ്റ്റംബർ</u>

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
- വില വിവരപ്പട്ടിക തയ്യാറാക്കൽ.
- ക്ലാസ്സിൽ ഒരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ.

<u>ഒക്ടോബർ</u>

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നം പരിഹരിക്കാൻ.
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ.

<u>നവംബർ</u>

- സ്ഥാന വില തിരിച്ചറിയൽ.
- പ്രായോഗിക പ്രശ്നപരിഹരണത്തിനായി കളി നോട്ടുകൾ പേപ്പറിൽ തയ്യാറാക്കൽ.
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ. അവ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.

<u>ഡിസംബർ</u>

- സംഖ്യാ ബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ (1 മുതൽ 100 വരെ).
- സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മാണം.
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

<u>ജനുവരി</u>

- വില വിവരം പട്ടിക തയ്യാറാക്കൽ,  വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പ്രശ്നം നിർദ്ധാരണം ചെയ്യൽ.
- സംഘടന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ.

<u>ഫെബ്രുവരി</u>

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിത പാട്ടുകൾ ചൊല്ലൽ.
- ഗണിത പഠനം കളരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

<u>മാർച്ച്</u>

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ.

- കലണ്ടറിലെ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ.
- മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാകൽ.

# ENGLISH

**Introduction**
The main aim  of this is to handle English language easily among students. It must go from small words to big words. We have to keep our world with the English language close to our hearts. This plan is designed to ensure that not a single child goes illiterate.

Learning objectives

- Response to simple instructions in the  classroom.
- Describe orally about pictures and objects using adjectives.
- Familiarise with words identifies.
- Enjoy songs and sing them with rhythm and actions.
- Familiarises names of birds, animals and small creatures from pictures.
- To speak, read and write English without any mistakes.

**Aim**

- Simple words, simple sentences, to speak , read and write make sure these are in learners.

## Activities

**JUNE**

- Pretest
- Introducing simple sentences.
- Providing picture cards for making sentences.

**JULY**

- Saying small sentences about familiar objects.
- Reading small reading cards.

**AUGUST**

- Writing small sentences about familiar objects.
- Enjoy songs and sing them with rhythm and action.
- Describe orally about familiar objects using adjectives.

**SEPTEMBER**

- read and write symbol sentences.
- Providing standard reading cards.

**OCTOBER**

- Introduces simple conversations.
- Riddles making.
- Describing rhyming words and doing textbook activities.

**NOVEMBER**

- Preparing reading cards.
- Writing five English words daily.
- The classroom provides more opportunities to read, write and speak English.

**DECEMBER**

- My picture dictionary is being prepared.
- Using Simple instructions in the classroom.
- Encouraging digital reading in the classroom everyday.

**JANUARY**

- Enjoys songs and sings them with rhythm and action.
- Collecting pictures of animals,  birds and small creatures.

**FEBRUARY**

- Conducting English day in classroom.

**MARCH**

- Speaking English fluently in classroom.
- My picture dictionary , reading cards etc.